**കേരള സർക്കാർ**

നം 17/ഡി സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 22.01.2018

**<u>സർക്കുലർ</u>**

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 1) 18.12.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ബന്ധപ്പെട്ട വകുപ്പ്തല മേധാവികളുടെ യോഗതീരുമാനങ്ങൾ

2) 03.01.2018 ൽ ബഹു ആരോഗ്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

കേരളത്തിൽ 2017 ൽ വിവിധതരം പകർച്ചവ്യാധികൾ എല്ലാ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വൈറൽ പനി, ഡെങ്കി, എലിപ്പനി, മലേറിയ തുടങ്ങിയവയും ജല ജന്യ രോഗങ്ങളായ മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, വയറിളക്ക രോഗം തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്. 2017 ൽ പനിയും, പനി മരണങ്ങളും മുൻവർഷത്തെ അപേക്ഷിച്ച് കൂടുതലാണ്. ഡെങ്കിപ്പനി കേസുകളും, ഡെങ്കി മരണവും മുൻവർഷങ്ങളിലേക്കാൾ കൂടുതലായിരുന്നു, ഡെങ്കിപ്പനിയും, എലിപ്പനിയുമൊപ്പം മറ്റ് പകർച്ചവ്യാധികൾ പടർന്ന് പിടിച്ചതും മരണം കൂടുന്നതിന് കാരണമായിട്ടുണ്ട്. വായുവിൽ കൂടി പകരുന്ന എച്ച്1 എൻ 1 ഉം അതുമൂലമുള്ള മരണങ്ങളും 2017 ൽ കൂടുതലായിരുന്നു. ഈ പശ്ചാത്തലത്തിൽ 2018 ൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. "ആരോഗ്യ ജാഗ്രത" എന്ന പേരിൽ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്. സംസ്ഥാനത്തൊട്ടാകെ ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും, ഏജൻസികളുടേയും, മിഷനുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പക്കണം സുരക്ഷിത ശുചീകരണ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ പരിസരശുചിത്വം ഉറപ്പാക്കണം ഇതിനായി എല്ലാ വാർഡുകളിലും നിലവിലുള്ള ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ സർക്കാർ വകുപ്പുകളുടേയും, സർക്കാരിതര ഏജൻസികളുടേയും യോജിച്ചുള്ള പ്രവർത്തനം നടത്തണം ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നേതൃത്വവും, ഏകോപനവും, മതിയായ ധനസഹായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുകയും പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നുണ്ടെന്ന് ഉറപ്പവരുത്തി റിപ്പോർട്ട് ചെയ്യുകയും വേണം.

**1. ആസൂത്രണം**

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ട ഊർജിത പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാർഡ്തലം മുതലുള്ള ആസൂത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം ജനപ്രതിനിധികളുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിലും സന്നദ്ധ പ്രവർത്തകർ രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യസംഘടനാ സംവിധാനങ്ങൾ, എൻ.ജി.ഒ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തം ഉറപ്പാക്കിയും വകുപ്പുതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം വാർഡുതലത്തിലെ ആരോഗ്യ ശുചിത്വ പോഷണ സമിതിയെ കൂടുതൽ പുനസംഘടിപ്പിച്ച് കൂടുതൽ കർമ്മോന്മുഖമാക്കേണ്ടതാണ്. 2018 ജനുവരി മാസം തന്നെ എല്ലാ ഗ്രാമ/നഗര പ്രദേശങ്ങളിലും വാർഡ്തല ആരോഗ്യ ശുചിത്വപോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലേയും പ്രധാന ശുചിത്വ-പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം. മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡുതലത്തിലും തുടർന്ന് പഞ്ചായത്ത്/നഗരസഭതലത്തിൽ ഏകോപിപ്പിച്ച് തദ്ദേശസ്ഥാപനഭരണ സമിതിയുടെ അംഗീകാരം നേടണം ജില്ലാ, നഗരസഭാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തു തലങ്ങളിലെ പ്രസിഡൻറ്/ ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ

OFFICE OF THE DISTRICT EDUCATIONAL OFFICER THRISSUR PIN: 680 020

പഞ്ചായത്ത് നമ്പർ: എ1/3597/2018 തീ 05/2018